DCKNR/1396/2020/ഡി എം 1

കളക്ടറേറ്റ്, കണ്ണൂർ
04.05.2020

പ്രേഷകൻ

ജില്ലാ കലക്ടർ
കണ്ണൂർ.

സ്വീകർത്താവ്

1. സെക്രട്ടറി,
   തളിപ്പറമ്പ/പാനൂർ/പയ്യന്നൂർ നഗരസഭകൾ
2. സെക്രട്ടറി,
   പാട്യം/പെരളശ്ശേരി/കോട്ടയം മലബാർ/മൊകേരി/കന്നോത്ത് പറമ്പ/പന്ന്യന്നൂർ/ നടുവിൽ/മാടായി/പാപ്പിനിശ്ശേരി/ ചെങ്ങളായി/ കണിച്ചാർ/ മുഴപ്പിലങ്ങാട്/ മാട്ടൂൽ/ഉദയഗിരി/ മാങ്ങാട്ടിടം/ ചിറ്റാരിപ്പറമ്പ/കോളയാട്/ഏഴോം/കതിരൂർ/ ന്യൂമാഹി ഗ്രാമപഞ്ചായത്തുകൾ
3. വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ.
4. പഞ്ചായത്ത് ഉപഡയറക്ടർ, കണ്ണൂർ.

സർ,

വിഷയം :- കോവിഡ് -19 – പ്രതിരോധ നടപടികളുടെ ഭാഗമായി പൊതുവിതരണ സംവിധാനം വഴി അനുവദിക്കുന്ന റേഷൻ/ കിറ്റുകളുടെ വിതരണം- സംബന്ധിച്ച്

സൂചന :- 1. GO(Ms) No.49/2020/GAD Dated 23.03.2020.
2. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 24.03.2020 ലെ 40-3/2020-D നമ്പർ ഉത്തരവ്.
3. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 04.05.2020 ലെ സിഎസ്. എ 4-484/2020 നമ്പർ കത്ത്.

കേരള സംസ്ഥാനത്ത് കോവിഡ്- 19 പകർച്ചവ്യാധി പ്രതിരോധ നടപടിയുടെ ഭാഗമായി ലോക്ക് ഡൌൺ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ പൊതുവിതരണ സംവിധാനം വഴി സൌജന്യ റേഷൻ/കിറ്റ് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കോവിഡ്- 19 പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി ജില്ലയിൽ താങ്കളുടെ മുൻസിപ്പാലിറ്റി/ ഗ്രാമ പഞ്ചായത്ത് ഹോട്ട്സ്പോട്ടായി നിശ്ചയിക്കപ്പെട്ടിട്ടുമുണ്ട്.

ആയതിനാൽ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ഉപഭോക്താവിന് റേഷൻ സാധനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് മേൽ ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച മേഖലകളിൽ ഓരോ റേഷൻ കടയിലും റൊട്ടേഷൻ വ്യവസ്ഥയിൽ അദ്ധ്യാപകരെ നിയമിച്ച് അവരുടെ സാന്നിദ്ധ്യത്തിൽ ഹോം ഡെലിവറി ചെയ്യേണ്ടതാണെന്ന് സൂചന (3) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ

Scanned with CamScanner

വിദ്യാഭ്യാസ ഉപഡയരക്ടർ മേൽ പറഞ്ഞ ഹോട്ട്സ്പോട്ടുകളിലെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി മേഖലയിലെ ഓരോ റേഷൻ കടകളിലും അതാത് പ്രദേശത്തെ അദ്ധ്യാപകരെ 05/05/2020 തീയ്യതി മുതൽ നിയമിച്ച് ഉത്തരവ് നൽകേണ്ടതാണ്. മേൽ മുൻസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്തിൽപെട്ട ഗുണഭോക്താക്കൾക്കുള്ള റേഷൻ/കിറ്റ് ബന്ധപ്പെട്ട വാർഡ് മെമ്പർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ മാത്രം ചുമതലപ്പെടുത്തി വിതരണം ചെയ്യേണ്ടതും, മേൽ പറഞ്ഞവർ ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ട് കിറ്റുകൾ എത്തിക്കേണ്ടതുമാണ്. ഇപ്രകാരം വിതരണം ചെയ്യുന്നതിന് കാർഡ് ഉടമകളിൽ നിന്ന് യാതൊരു വിധ പ്രതിഫലവും കൈപ്പറ്റുന്നില്ല എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് ഓരോ താലൂക്കിലേയും മേൽനോട്ട ചുമതല അതാത് താലൂക്ക് സപ്ലൈ ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

ഒപ്പ്/-
ജില്ലാ കളക്ടർ.

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്

<u>പകർപ്പ്</u>

1. ജില്ലാ സപ്ലൈ ഓഫീസർ, കണ്ണൂർ(മേൽ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി).
2. താലൂക്ക് സപ്ലൈ ഓഫീസർമാർ.
   ഫോൺ നമ്പർ - കണ്ണൂർ-9188527408, തലശ്ശേരി-9188527410, ഇരിട്ടി-9188527409, തളിപ്പറമ്പ -918827411
3. ജില്ലാ കോ-ഓർഡിനേറ്റർ. കുടുംബശ്രീ മിഷൻ, കണ്ണൂർ.
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ.

Scanned with CamScanner